ഭരണഭാഷ – മാതൃഭാഷ

**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം**

**dtekerala@gmail.com**

**0471 2561307**

**നടപടിക്രമം**

സാങ്കേതിക വിദ്യാഭ്യാസം ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം - - ഈ കാര്യാലയത്തിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ നിഷാദ്. ടി.എ. യുടെ സീനിയർ ക്ലാർക് തസ്തികയിലെ സീനിയോറിറ്റി പുനഃ ക്രമീകരിക്കുന്നതുമായി ബന്ധപ്പെട്ട സർക്കുലറിൻ മേലുള്ള ഉത്തരവ് സംബന്ധിച്ചു.

---

**ജീവനക്കാര്യം (ജി ) വിഭാഗം**

**നം. DTETVM/6674/2024-EG3 (EG)** **തിരുവനന്തപുരം, തീയതി: 26-03-2026**

---

വായനഃ- 1. ഈ ഓഫീസിലെ 06-08-2024 ലെ 1/120263/2024 നമ്പർ പരിപത്രം.

2. 12.03.2026 തീയതിയിലെ സ.ഉ.(സാധാ) നം.363/2026/HEDN നമ്പർ ഉത്തരവ്.

**ഉത്തരവ്**

വായന (1) പരിപത്രപ്രകാരം,ഈ വകുപ്പിൽ 01.12.2009 മുതൽ 28.02.2018 വരെയുള്ള സീനിയർ ക്ലാർക്കുതസ്തികയിൽ നിയമനം ലഭിച്ച ജീവനക്കാരുടെ സീനിയോറിറ്റി പട്ടികയിൽ ഉൾപ്പെട്ട ശ്രീ.നിഷാദ്.ടി.എ യെയുടെ സീനിയോറിറ്റി പുനക്രമീകരിച്ച് നല്കുവാൻ താൽക്കാലികമായി തീരുമാനിക്കുകയും ആയതിൽ ആക്ഷേപമുണ്ടെങ്കിൽ ആയത് രേഖമൂലം അറിയിക്കാൻ ബന്ധപ്പെട്ട ജീവനക്കാർക്ക് നിർദേശം നല്കുകയും ചെയ്തിരുന്നു.ആയതിൻറെ അടിസ്ഥാനത്തിൽ നിരവധി ജീവനക്കാരിൽ നിന്നും പരാതി ലഭിച്ചതിനെ തുടർന്ന് ഈ വിഷയം സംബന്ധിച്ചു സർക്കാരിൽ നിന്നും സ്പഷ്ടീകരണം തേടിയിരുന്നു.

മേൽ പറഞ്ഞ സീനിയോറിറ്റി ലിസ്റ്റിൽ **222** ആം സ്ഥാനത്ത് ഉൾപ്പെട്ടിരുന്ന ശ്രീ നിഷാദ് ടി എ തൻറെ സ്ഥാനം **175എ)** ആയി പുന ക്രമീകരിച്ചു ലഭിക്കുന്നതിനായി ബഹു: KAT മുമ്പാകെ ഫയൽ ചെയ്തിരുന്ന OA 2066/2025 നമ്പർ ഹർജി സംബന്ധിച്ചു ബഹു: ട്രിബൂണൽ **28-11-2025** ൽ പുറപ്പെടുവിച്ച ഉത്തരവിൽ ടിയാൻറെ ആവശ്യം സംബന്ധിച്ചു ടിയാനെയും ബന്ധപ്പെട്ട ജീവനക്കാരെയും നേരിട്ടു കേട്ടു ആവശ്യമായ ഉത്തരവ് പുറപ്പെടുവിക്കണമെന്ന് ബഹു: ട്രിബൂണൽ നിർദ്ദേശിച്ചിരുന്നു.

ബഹു: ട്രിബൂണലിന്റെ ഉത്തരവ് പാലിക്കുന്നത്തിന്റെ ഭാഗമായി സർക്കാർ ശ്രീ നിഷാദ് ടി എ യെയും ബന്ധപ്പെട്ട മറ്റ് ജീവനക്കാരെയും നേരിട്ടു കേട്ടതിനുശേഷം വായന (2) പ്രകാരം പുറപ്പെടുവിച്ച ഉത്തരവിൽ സീനിയോറിറ്റി പുന ക്രമീകരിച്ചു നൽകണമെന്ന ശ്രീ നിഷാദ് ടി എ യുടെ ആവശ്യം നിരസിക്കുകയുണ്ടായി

.

സർക്കാരിൽ നിന്ന് ലഭിച്ച സ്പഷ്ടീകരണത്തിൻറെയും സൂചന "2" ഉത്തരവിൻറെയും അടിസ്ഥാനത്തിൽ ശ്രീ നിഷാദ് ടി എ യുടെ സീനിയർ ക്ലാർക് തസ്തികയിലെ സീനിയോറിറ്റി താൽക്കാലികമായി പുനഃ ക്രമീകരിക്കുവാൻ തീരുമാനിച്ചു കൊണ്ട് വായന (1) പ്രകാരം പുറപ്പെടുവിച്ച പരിപത്രം റദ്ദ് ചെയ്തു ഇതിനാൽ ഉത്തരവാകുന്നു.

Digitally signed by
Jayaprakash P
Date: 26-03-2026
17:13:32

**Dr JAYAPRAKASH P**

**DIRECTOR**

സ്വീകർത്താവ്,

1. ഈ വകുപ്പിന് കീഴിലുള്ള ബന്ധപ്പെട്ട സ്ഥാപന മേധാവികൾക്കും, ജീവനക്കാർക്കും (www.dtekerala.gov.in എന്ന വെബ്സൈറ്റ് മുഖാന്തിരം).
2. ഡി.ടി.ഇ. ഐ.റ്റി. ഡിവിഷൻ (പ്രസിദ്ധീകരണത്തിന്)
3. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി
4. സൂപ്രണ്ട്, ഇഎ സെക്ഷൻ